**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 770** **28-06-2022 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലാ രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | 2014-ൽ കേരള മെട്രോ റെയിൽ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കായി രജിസ്ട്രേഷൻ വകുപ്പ് വിട്ടുകൊടുത്ത 13 സെന്റ് സ്ഥലത്ത് 9500 ച. അടി വിസ്തീർണ്ണമുള്ള ഇരുനില കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന എറണാകുളം ജില്ലാ രജിസ്ട്രാർ ഓഫീസ് സമുച്ചയത്തിൽ പ്രവർത്തിച്ചിരുന്ന മറ്റ് ഓഫീസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ദക്ഷിണമദ്ധ്യമേഖല രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫീസ്, ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്, ജില്ലാ രജിസ്ട്രാർ(ഓഡിറ്റ്) ഓഫീസ്, ചിട്ടി ആഡിറ്റർ ഓഫീസ്, ചിട്ടി ഇൻസ്പെക്ടർ ഓഫീസ്, അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ഓഫീസ് എറണാകുളം, ബൈൻഡിംഗ് സെക്ഷൻ. |
| (ബി) | 2014-ൽ കൊച്ചി മെട്രോക്കായി വിട്ടുകൊടുത്ത ഓഫീസ് സമുച്ചയത്തിന് പകരമായി നാളിതു വരെ സർക്കാരോ കെ.എം.ആർ.എൽ. അധികൃതരോ സ്ഥലമോ കെട്ടിടമോ അനുവദിച്ചിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഇപ്പോൾ ജില്ലാ രജിസ്ട്രാർ ഓഫീസ് സമുച്ചയം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പൊതുജനങ്ങൾക്കാവശ്യമായ എല്ലാ വിധ അടിസ്ഥാന സൗകര്യങ്ങളുമുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | പൊതുജനങ്ങൾക്കായി ശുചിമുറി, ഇരിപ്പിട സൗകര്യം, വാഹനപാർക്കിംഗ് സൗകര്യം എന്നിവ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ലഭ്യമല്ല. |
| (ഡി) | നിലവിലെ ഓഫീസ് സമുച്ചയം പ്രവർത്തിക്കുന്നത് എത്ര ച. അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിലാണ്; പ്രസ്തുത കെട്ടിടത്തിൽ ഏതൊക്കെ ഓഫീസുകൾ പ്രവർത്തിക്കുന്നു; | (ഡി) | 5029 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിലാണ് നിലവിലെ ഓഫീസ് സമുച്ചയം പ്രവർത്തിക്കുന്നത്. ദക്ഷിണമദ്ധ്യമേഖല രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫീസ്, ജില്ലാ രജിസ്ട്രാർ(ജനറൽ) ഓഫീസ്, ജില്ലാ രജിസ്ട്രാർ(ഓഡിറ്റ്) ഓഫീസ്, ചിട്ടി ഇൻസ്പെക്ടർ ഓഫീസ്, എറണാകുളം അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ഓഫീസ് എന്നിവ പ്രവർത്തിച്ചു വരുന്നു. |
| (ഇ) | എറണാകുളം ജില്ലാ രജിസ്ട്രാർ ഓഫീസ് സമുച്ചയത്തിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾക്കായി പുതിയ കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഇ) | ഉണ്ട്. കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. |
| (എഫ്) | സൗത്ത് മെട്രോ സ്റ്റേഷൻ കെട്ടിടത്തിൽ | (എഫ്) | നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | ഓഫീസുകൾക്കാവശ്യമായ സ്ഥലം അനുവദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ